എച്ച്1 എൻ1

103 (795) ശ്രീ.എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്1 എൻ1 പനി തടയുന്നതിനായി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ;

(ബി) രോഗനിർണ്ണയത്തിന് ഉതകുന്ന ലബോറട്ടറി സംവിധാനം സംസ്ഥാനത്ത് എവിടെയൊക്കെയുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) രോഗനിർണ്ണയഫലം എത്രയും പെട്ടെന്ന് ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എച്ച്1 എൻ1 പനിയുടെ പകർച്ചയ്ക്ക് എതിരെയുള്ള മുൻകരുതലുകൾ എടുക്കുന്നതിനെ സംബന്ധിച്ചുള്ള റേഡിയോ, ടി.വി., പത്ര പരസ്യങ്ങളും റേഡിയോ ഹെൽത്തുവഴി പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണവും പ്രഭാഷണങ്ങളും നടന്നുവരുന്നു. ജനങ്ങൾക്ക് കൊടുക്കേണ്ട ഉപദേശങ്ങളെക്കുറിച്ചുള്ള ബിറ്റ് നോട്ടീസ് ആവശ്യത്തിന് അച്ചടിച്ച് നൽകാനുള്ള നടപടി ജില്ലാ മെഡിക്കൽ ആഫീസർമാർവഴി ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ സംശയങ്ങൾക്കുള്ള പരിഹാരത്തിനായി ദിശ ഹെൽപ്പ് ലൈൻ നമ്പറുകൾ (1056, 0471-2552056), ചികിത്സാ മാർഗ്ഗരേഖകൾ, ഒസൽട്ടാമിവിർ മരുന്നുകളുടെ ലഭ്യത, ആശുപത്രിയിലെ അണുബാധ നിയന്ത്രണ സംവിധാനങ്ങൾ എന്നിവ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ബി) മണിപ്പാൽ സെന്റർ ഫോർ വൈറോളജി റിസർച്ച് ആണ് കേരളത്തിനു വേണ്ടി കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള റീജിയണൽ ഇൻഫ്ളുൻസ സർവയലൻസ് സെന്റർ സ്രവസാമ്പികളുകൾ ഈ ലാബിലേയ്ക്ക് അയച്ച് ടെസ്റ്റ് ചെയ്യുവരുന്നു. ഇതുകൂടാതെ മധ്യകേരളത്തിലെ ചില ജില്ലകളിലെ സാമ്പിളുകൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് എഫ് വൈറോളജിയുടെ ആലപ്പുഴ യൂണിറ്റിലും ചെയ്യുവരുന്നു. തിരുവനന്തപുരത്തെ രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലും എച്ച്1 എൻ1 പരിശോധന ചെയ്യുവരുന്നു.

(സി) രോഗികളിൽ നിന്നുള്ള സ്രവസാമ്പിളുകൾ അതീവ സുരക്ഷിതമായി ശീതീകരിച്ച് ടെയിൻമാർഗ്ഗം എം.സി.വി.ആർ., മണിപ്പാലിൽ എത്തിച്ചു പരിശോധന നടത്തിവരുന്നു. ടെസ്റ്റിന്റെ റിസൾട്ട് 24 മണിക്കൂറിനകംതന്നെ ലഭിക്കുന്നുണ്ട്. രോഗിയുടെ ചികിൽസ തുടരുവാൻ ടെസ്റ്റിംഗ് ആവശ്യമില്ല. എച്ച്1 എൻ1 ചികിത്സാ മാർഗ്ഗരേഖയിലെ വ്യക്തമായ മാനദണ്ഡങ്ങൾ പ്രകാരം ചികിത്സ നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly